

# ചിരാത്

Digital magazine

R.SANKAR MEMORIAL H S Pazhangalam Nallila kollam

# ആശംസകൾ



ഡോ.എൻ വിനോദ് ലാൽ
**മാനേജർ**

**വഴങ്ങാലം ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തുന്നതായി അറിയാൻ കഴിഞ്ഞു .കുട്ടികളുടെ സാഹിത്യപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ വളരെയേറെ സ്ലാഘനീയമാണ്.ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന വിദ്യാർഥികൾക്കും ഒപ്പം അവരെ കരുതലോടെ മുന്നോട്ട് നയിക്കുന്ന അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു .**



ആശംസ

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ താല്പര്യം ഗുണപരമായും
സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക് പദ്ധതിയിലൂടെ
കേരള സർക്കാർ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന കുട്ടികളുടെ
കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക രംഗത്തെ വൈവിധ്യമാർന്ന
പരിശീലന പ്രവർത്തനത്തിലൂടെ ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും
സ്വായത്തമാക്കിയ നൈപുണികൾ എഴുതി പ്രദർശിപ്പിക്കാനുള്ള
വേദി ആകട്ടെ മാഗസിൻ എന്നാശംസിക്കുന്നു.

സുനിൽ ജി എസ്

ഹെഡ്മാസ്റ്റർ

ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂൾ

# കാരുണ്യവൃഷ്ടി

അനശ്വരായാമവൾ
പൊഴിയുന്നു
അവനിയിലെങ്ങും ഒഴുകുന്നു
മേന്മയേറും തുള്ളികൾ
മേഘത്തിൻ പൈതങ്ങൾ

പാമ്പയാറൊഴുകുന്ന നാട്ടിലെ
പെരുമായാർന്ന നദീതടങ്ങൾ
കാർമുകിൽ നന്ദിനി നൽകിയ ചേതനയായി
കളകളനാദധ്വനി ചേർന്നൊഴുകുന്നു

വെള്ളിചിലങ്കയണിഞ്ഞവൾ
തുള്ളിതുളുമ്പി കളിക്കുന്നു
വറ്റിവരണ്ടുണങ്ങുമീ പാരിന്റെ
വന്ധ്യത തീർക്കുന്നു
നൊമ്പരമറ്റു നീറുന്ന മാനസം
കുളിരണിയിപ്പിക്കാൻ പൊഴിയുന്നു..

അർച്ചന. ബി
IX- B



ചിരാത്
Athira · A
IX : B

# കാരുണ്യവൃഷ്ടി

അനശ്വരമാമവൾ പൊഴിയുന്നു
അവനിയിലെങ്ങും ഒഴുകുന്നു
മേന്മയേറും തുള്ളികൾ
മേഘത്തിൻ പൈതങ്ങൾ

പമ്പയാറൊഴുകുന്ന നാട്ടിലെ
പെരുമയാർന്ന നദീതടങ്ങൾ
കാർമുകിൽ നന്ദിനി നൽകിയ ചേതനയായ്
കളകളനാദധ്വനി ചേർന്നൊഴുകുന്നു

വെള്ളിച്ചിലങ്കയണിഞ്ഞവൾ
തുള്ളിത്തുളുമ്പി കളിക്കുന്നു
വറ്റിവരണ്ടുണങ്ങുമീ പാരിന്റെ
വന്ധ്യത തീർക്കുന്നു

നൊമ്പരമറ്റു നീറുന്ന മാനസം
കുളിരണിയിപ്പിക്കാൻ പൊഴിയുന്നു.

Devi krishna
X B



# വിദ്യാധനം

കനകംകൊണ്ട് കലഹം പലവിധം
കരളേലാഷം പോലുയരുന്നു
ഭാരതമെന്നൊരു നമ്മുടെ നാടിന്
ഭാഗ്യചെയ്ത മഹാത്മാവിൻ
പുഞ്ചിരിയാർന്നൊരു ചിത്രമടങ്ങിയ
കടലാസിനുവേണ്ടി
കത്തിയെടുക്കും മാനവർ

കത്തിജ്വലിക്കുമവരുടെ മനസ്സിൽ
കാരുണ്യത്തിന് വിലയില്ല
പരുന്തുമീതെ പറക്കില്ലാപണത്തിനായി
പറഞ്ഞതെന്തും ചെയ്യും മാനുഷർ

വിദ്യയെന്നൊരു ധനമുണ്ടെങ്കിൽ
വേറെന്തിനു പണം
ലോകം മുഴുവൻ നന്മ പകർത്താം
ലക്ഷ്മിദേവിയെ കുടിയിരുത്താം

Ananya
VIII A


# അമ്മ

ഒഴിച്ചുകൂടാം ഏതും എന്നാലൊ -
ഴിച്ചുകൂടാൻ കഴിയാ ത്തൊരമൂല്യ
നിധിയാണമ്മ
ഈ ലോകം വാഴ്ന്നോരീശ്വര
സൃഷ്ടിയാണമ്മ
അതിനാലീശ്വര തുല്യമാണമ്മ
ഉദരത്തിൽ വഹിച്ചും
പീയുഷഗന്ധം പകർന്നും
പൊന്നുമക്കളെ പോറ്റിയ തങ്കമാണമ്മ

ചിത്തത്തിൽ പൂന്തേൻ നിറച്ചപോലെ
ചെറുചിരി തൂകിയ പൂവാണമ്മ
മധുമൊഴി സംഗീതം നാവിൽ പകർത്തിയ
കോകിലം പോലെ
താരാട്ടുപാട്ടീണം നാവിൽ പകർത്തിയമ്മ

ജീവനെപോലെ കണ്ട തൻ മക്കളോ
ജനനിയെയുപേക്ഷിച്ചുവെങ്കിലും
പാര് വിലങ്ങുമജനെ പോൽ
പരിശുദ്ധയാണമ്മ

അർച്ചന. ബി
IX-B


Anya Nandana X : B


By
Vyshnavi

# ആനച്ചാൽ എന്ന സുന്ദരി..

യാത്ര ഇഷ്ടപ്പെടാത്തവരായി ആരും തന്നെ ഇല്ല. അതുപോലെതന്നെ യാത്ര ചെയ്യാൻ ഏറെ ഇഷ്ടപ്പെടുന്ന വ്യക്തിയാണ് ഞാൻ. ഒരുപാട് സ്ഥലങ്ങളിൽ ഒന്നും പോയില്ലെങ്കിലും പോയ ചില സ്ഥലങ്ങളിൽ ചുരുക്കം എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്. യാത്രകളെ ആകർഷിക്കുന്നത് പ്രകൃതിയിലെ വൈവിധ്യങ്ങളാണ്. അങ്ങനെ എന്നെ ഏറെ ആകർഷിച്ച ഒരു യാത്രയായിരുന്നു ആനച്ചാൽ യാത്ര. പ്രകൃതി വൈവിധ്യം തുളുമ്പുന്ന അതിസുന്ദരിയായ ആനച്ചാലിനെ കാണാൻ വീട്ടിൽനിന്ന് അതി പുലർച്ചെ തന്നെ പുറപ്പെട്ടു. ഏകദേശം 4: 30 മണിയോടെ ആനച്ചാലിൽ എത്തി. അവിടെ ഒരു റിസോർട്ടിൽ ഞങ്ങൾ റൂം ബുക്ക് ചെയ്തിട്ടുണ്ടായിരുന്നു. ചെന്ന ഉടനെ എല്ലാവരും ഫ്രഷ് ആയതിനു ശേഷം അവിടെനിന്നും ചിത്തിരപുരത്തേക്ക് യാത്രയായി. 5 മിനിറ്റ് യാത്രയുണ്ടായിരുന്നുള്ളൂ.. സ്ഥലം ദാ എത്തി. ഇതെന്താ പച്ചനിരയുടെ സ്വർഗ്ഗമോ...?? ഈയൊരു ചോദ്യമാണ് മനസ്സിലൂടെ ആദ്യം കടന്നുപോയത്. ഒരു പ്രദേശം മുഴുവൻ പച്ചപ്പായ വിരിച്ച പോലെ അതിലൂടെ തലരേഖ പോലെ കുറെ വഴികളും. ആകാശം മുട്ടോളം നിൽക്കുന്ന ഗന്ധർവ്വ ലോകത്തിലേക്കുള്ള ഒരു വഴി പോലെ ഉയർന്നുനിൽക്കുന്ന മാമലകൾ.

തേയില തോട്ടങ്ങൾക്കിടയിൽ കുട്ടിയാനകൾ പോലെ ചെറിയ പാറകളും ഉണ്ട്. ഞാൻ ആദ്യമേ ആനപ്പാറയിൽ സ്ഥാനം ഉറപ്പിച്ചിരുന്നു. അതിന്മേൽ അങ്ങനെ ഇരുന്നു നോക്കുമ്പോൾ അവിടെ മുഴുവനും കാണാൻ കഴിയും. അവിടെയുള്ള മാമലകൾ ആകാശം മുട്ടി നിൽക്കുകയാണെന്ന് കരുതും. പക്ഷേ അല്ല.. മലനിരകൾക്ക് മുകളിൽ കോടയാണ്. ആകാശവും കോടയും തമ്മിൽ മാറിപ്പോകും നമുക്ക്. ശരീരം മുഴുവൻ കുഞ്ഞി രോമങ്ങൾ എഴുന്നേറ്റ് നിൽക്കുകയാണ്. കാരണം ശരീരത്തെ വിറപ്പിച്ചുകൊണ്ട് തണുത്ത ത lഴുകൻ കാറ്റ് കടന്നു പോകുകയാണ്. പിന്നെ ഏറെ സുന്ദരമായി കണ്ണിനു പ്രകമ്പനം കൊള്ളിച്ചത് ആ പൂത്തുലഞ്ഞു നിൽക്കുന്ന വാകമരങ്ങളാണ്. ഒന്നല്ല കുറെ പാറമേൽ ഇരുന്ന് ദൂരം നിൽക്കുന്ന അവയെ കാണാൻ ഏറെ ചന്തമാണ്. പിന്നെയുള്ള കാഴ്ച സൂര്യാസ്തമയമാണ്..അത് കാണേണ്ട ഒരു കാഴ്ച തന്നെയാണ്.

നല്ല ചുവന്ന നിറത്തിൽ സൂര്യൻ അങ്ങനെ കത്തി നിൽക്കുകയാണ്. മലനിരകൾക്കിടയിലൂടെ സൂര്യൻ പ്രൗഢിയായി നിൽക്കുന്നു. ഒരു പ്രവേശന കവാടം എന്നപോലെ സൂര്യകിരണങ്ങളും അടിക്കുന്നുണ്ട്. പ്രകൃതിയിലെ ഓരോ ചെറിയ കാര്യങ്ങൾ പോലും നാം സൂക്ഷ്മമായി നിരീക്ഷിക്കുമ്പോഴാണ്

വൈവിധ്യങ്ങൾ ഏറെ ഉണ്ടെന്ന് മനസ്സിലാവുന്നത്. സമയം ഏറെയായപ്പോൾ ഞങ്ങൾ അവിടെ നിന്നിറങ്ങി ഒരു ചെറിയ കടയിലേക്ക് പോയി ഒരു ഗ്ലാസ് ചായ വാങ്ങി കുടിച്ചു. ആരോ പണിതിട്ട ഒരു തടിമേൽ ഇരുന്നു. അവിടെ ഇരുന്നാൽ തേയിലത്തോട്ടം മൊത്തത്തിൽ നല്ലതുപോലെ കാണാമായിരുന്നു. ആവി പറക്കുന്ന ചായയും കുടിച്ച് ആ ശാന്ത സുന്ദരമായ ആനച്ചാലെന്ന ഞാൻ കൺ നിറയെ കണ്ടു....

ജെസ്ന
10. B

# വിരൽത്തുമ്പിലെ വിസ്മയങ്ങൾ

ഇൻസ്റ്റാഗ്രാമിൽ നിന്ന് ഫേസ്ബുക്കിലേക്ക് ,അവിടെനിന്ന് വാട്സാപ്പിന്റെ സ്വകാര്യതയിലേക്ക് ,വിരൽത്തുമ്പിൽ ഒളിഞ്ഞിരിക്കുന്ന ആശയങ്ങളെയും സ്നേഹപ്രകടനങ്ങളെയും ഒരുനിമിഷം ഒഴിവാക്കി ശാസ്ത്രത്തിന്റെ മികച്ച കണ്ടുപിടുത്തങ്ങളിൽ ഒന്നായ ഇന്റർനെറ്റിന്റെയും അതിന്റെ പിൻപറ്റി വന്ന നവമാധ്യമങ്ങൾ എന്ന ഓമനപ്പേരിൽ നാം വിളിക്കുന്ന സാമൂഹികമാധ്യമങ്ങളെയും പറ്റി ഗൗരവത്തോടെ ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു .

എവിടെയാണ് നമുക്ക് പിഴക്കുന്നത് ,ബൈജൂസ് ആപ്പും വീഡിയോ ട്യൂട്ടോറിയലുകളുമൊക്കെയായി കുട്ടികളായവർ ഈ മേഖലയുടെ ഗുണങ്ങൾ അനുഭവിക്കുന്നിടത്തുനിന്നും ദിനപത്രങ്ങളുടെ ഏതോ മൂലയിൽ ഒരു കോളം വാർത്തയായി ഒതുങ്ങുന്ന ആത്മഹത്യകളിലേക്ക് അവരെ തള്ളിവിടുന്ന മായാജാലം എന്താണ് ?ചിന്തിച്ചിട്ടുണ്ടോ?അടുക്കളപ്പുറങ്ങളിൽ അമ്മയോട് രഹസ്യങ്ങൾ പങ്കുവെക്കുന്ന ബാല്യങ്ങൾ ,അച്ഛന്റെ ഇറിച്ചുനോട്ടത്തിൽ പതറിപ്പോയിരുന്ന സ്കൂളിലെ ചേകവന്മാർ , തലമുറയുടെ നാളങ്ങളായി ഈ കൂട്ടർ മാറിയപ്പോൾ സ്വകാര്യതയിലേക്ക് അവരെ എടുത്തെറിഞ്ഞ സമൂഹവും ഓരോ ആത്മഹത്യക്കും കാരണക്കാരനാകുന്നു. അടച്ചിട്ട നാല്ചുവരുകൾക്കുള്ളിൽ ഞാൻ സുരക്ഷിതയാണെന്നുള്ള മിഥ്യാബോധം എല്ലാം ആർക്കും എത്തിപ്പിടിക്കാവാൻ കഴിയുന്ന ഡിജിറ്റൽ കടലാസിലേക്ക് പകർത്തുമ്പോൾ ലോകത്തിന്റെ ഏതുകോണിൽ നിന്നും ഇതൊക്കെ നിരീക്ഷിക്കാനും അവയിൽ മാറ്റം വരുത്താനും എഴുത്തുകാരന്റെയോ ഫോട്ടോഗ്രാഫറിന്റെയോ അനുമതി ഇല്ലാതെ എവിടെയും അത് പ്രസിദ്ധീകരിക്കാനും കുറച്ച് കംപ്യൂട്ടർ പ്രോഗ്രാമുകൾ മാത്രം മതി എന്ന് അവരെ ആരാണ് പറഞ്ഞു മനസിലാക്കേണ്ടത് കുടുംബകാര്യങ്ങൾ ചർച്ച ചെയ്യാൻ വാട്സാപ്പ് ഗ്രൂപ്പുകൾ, നാട്ടിലെ വിശേഷങ്ങൾ പങ്കുവെയ്ക്കാൻ ഫേസ്ബുക്ക് പേജുകൾ ,ട്രിപ്പുകൾ ഇടവിട്ട് വിവരങ്ങൾ പങ്കുവെക്കുന്ന ഇൻസ്റ്റാഗ്രാം അക്കൗണ്ടുകൾ ,സൗഹൃദവും സഹായവും ഒക്കെ ഈ ലോകത്തേക്ക് ചുരുങ്ങുന്നു .'ശാസ്ത്രമാണ് -കണ്ണില്ലെന്ന് നടിക്കാൻ കഴിയില്ല ,'ഉപയോഗിക്കാതെ തരമില്ല ' ശരിയാണ് , പക്ഷെ പച്ചക്കറികടയിൽ നിന്ന് വാങ്ങുന്ന തക്കാളികളിൽ ഒന്ന് അഴുകാൻ തുടങ്ങിയതായി ശ്രദ്ധയിൽപെട്ടാൽ മാറ്റിവാങ്ങാൻ തിരക്കുകൂട്ടുന്നവർ എപ്പോഴാണ് ഇന്റർനെറ്റിന്റെ ദൂഷ്യങ്ങളെപ്പറ്റി മക്കളോട് സംസാരിക്കുന്നത് ?വിദ്യാർത്ഥികളോട് സംവദിക്കുന്നത് ?ശിക്ഷിക്കുന്നതിനോട് എന്താണ് നമ്മുടെ കുട്ടികൾക്ക് മാറിനിൽക്കാൻ പറയാൻ സാധിക്കാത്തത് ? ചതിക്കുഴികൾ മുന്നിൽ കാണാൻ കഴിയുന്ന ജി പി എസ് എന്താണ് നമ്മൾ അവരിൽ ഇൻസ്റ്റാൾ ചെയ്യാത്തത് ?സമയം അതിക്രമിച്ചിരിക്കുന്നു ,വിദ്യാഭ്യാസ പ്രക്രിയ കൊണ്ട് ഇത്രയും നേടാൻ അവർക്ക് സാധിക്കുന്നില്ലെങ്കിൽ ഡിജിറ്റൽ ചുഴിയിലേക്ക് മുങ്ങിപ്പോകുന്ന അല്പായുസ്സുകളായി അവർ മാറുന്ന കാഴ്ചകൾ വിദൂരമല്ല .

അവിടെയാണ് അനിവാര്യം പ്രതിരോധം നൽകുന്നത് ,നല്ലതിനെ കൈനീട്ടി സ്വീകരിക്കാനും മോശമായതിനെ കണ്ടാൽ തിരസ്കരിക്കാനും കഴിയുന്ന ഒരു കൂട്ടം വിദ്യാർത്ഥികളുടെ ആശയങ്ങളും സ്വപ്നങ്ങളും നിറയുന്ന ഈ ഡിജിറ്റൽ മാഗസിൻ നാളെയുടെ പ്രതീക്ഷയാണ് ഇന്നിന്റെ പ്രതിഫലനമാണ് .

അഞ്ജന മുരളി
എച്ച് എസ് ടി ഇംഗ്ലീഷ്
ആർ എസ് എം എച്ച് എസ്

# ചിത്രങ്ങളിലൂടെ ......










# വർണത്തുമ്പികൾക്ക് മൂന്നാംസ്ഥാനം



വർണത്തുമ്പികൾ എന്ന ഹ്രസ്വചിത്രത്തിലെ ഒരു രംഗം

**കുണ്ടറ ▸** വർണത്തുമ്പികളായി ഉയരങ്ങളിലേക്കെത്തുക എന്ന സന്ദേശവുമായി പഴങ്ങാലം ആർ.ശങ്കർ മെമ്മോറിയൽ ഹൈസ്കൂളിലെ വിദ്യാർഥികൾ തയ്യാറാക്കിയ ഹ്രസ്വചിത്രം 'ഇനിയും പറന്നുയരുന്ന വർണത്തുമ്പികൾ'ക്ക് ജില്ലയിൽ മൂന്നാംസ്ഥാനം.

ജില്ലാ റിസോഴ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ജില്ലയിലെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സെക്കൻഡറിതലത്തിലെ വിദ്യാർഥികൾക്കായി നടത്തിയ ഹ്രസ്വചിത്രമത്സരത്തിലാണ് സമ്മാനം.

ഒൻപതാം ക്ലാസ് വിദ്യാർഥിനി ജെസ്ന കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച ചിത്രത്തിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ചത് വിദ്യാർഥികളാണ്.

ഇംഗ്ലീഷ്, സംസ്കൃതം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിർമിച്ച ചിത്രത്തിന് സാങ്കേതിക സഹായം നൽകിയത് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബാണ്.

ഇംഗ്ലീഷ് അധ്യാപകനായ അതുൽ മുരളി, സംസ്കൃതം അധ്യാപകൻ ബിനേഷ് യു.വ്രതൻ എന്നിവരുടെ മാർഗനിർദേശങ്ങൾ അനുസരിച്ചായിരുന്നു ചിത്രീകരണം.

മൂവായിരം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

വിജയികളായ സംഘത്തെ സ്കൂൾ മാനേജർ ഡോ. വിനോദ് ലാൽ, ഹെഡ്മാസ്റ്റർ ജി.എസ്. സുനിൽ എന്നിവർ അനുമോദിച്ചു.

08/08/2022 KOLLAM Pg 02

